LIBRARY ARCHIVES Kerala Legislative Assembly

ഇതിന്മേൽ താമസംവിനാ പരിഹാരം നൽകിവരികയും ചെയ്യുന്നു. വാർത്താ വിനിമയ വിതരണ സാങ്കേതികവിദ്യയിലെ നൂതന ആശയങ്ങളും ശാസ്ത്ര സാങ്കേതിക വിദ്യയിലെ പുതിയ കണ്ടുപിടിത്തങ്ങളും പ്രയോജനപ്പെടുത്തി പൊതുജനോപകാരപ്രദവും വേഗതയും കൃത്യതയും ഫലപ്രാപ്തിയുമുള്ള എല്ലാ മാർഗ്ഗങ്ങളും സ്വീകരിച്ചുവരുന്നുണ്ട്. THUNA portal, e-mail, Whatsapp മുഖേന പൊതുജനത്തിന് പോലീസ് സ്റ്റേഷനിലേയ്ക്ക് നേരിട്ട് എത്താതെ തന്നെ പരാതിയും മറ്റും സമർപ്പിക്കാവുന്ന സംവിധാനവും നിലവിലുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും സ്റ്റേഷനിൽ നേരിട്ടെത്തുന്ന പൊതുജനങ്ങളെ സഹായിക്കുന്നതിനായി പി.ആർ.ഒ. സംവിധാനവുമുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമായി വനിതാ റെസ്റ്റ് റൂം, വനിതാ വിസിറ്റിംഗ് റൂം, ചൈൽഡ് ഫ്രണ്ട്‌ലി പോലീസ് സ്റ്റേഷൻ, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, വിമൻ ഹെൽപ്പ് ഡെസ്ക് തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമമായ സേവനം ലഭ്യമാക്കുന്നതിനായി പോലീസ് സ്റ്റേഷന്റെ ചുമതല സർക്കിൾ ഇൻസ്പെക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(ബി) പോലീസ് സ്റ്റേഷനുകളിൽ സിസിടിവി സ്ഥാപിക്കൽ, എല്ലാ വിഭാഗം പോലീസുകാർക്കും നിരന്തരം പരിശീലനം, പബ്ലിക് റിലേഷൻസിൽ പ്രത്യേക വൈദഗ്ധ്യം എന്നിവ നടപ്പിലാക്കുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ 274 പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. 200 പോലീസ് സ്റ്റേഷനുകളിൽകൂടി സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ വിഭാഗം പോലീസ് ഉദ്യോഗസ്ഥർക്കും ആവശ്യമായ റിഫ്രെഷ്മെന്റ് കോഴ്സുകൾ നൽകുന്നുണ്ട്. ഇതിൽ പബ്ലിക് റിലേഷൻസും വിഷയമാക്കിയിട്ടുണ്ട്.

പോലീസ് സേനയുടെ നവീകരണം

83 (3110) ശ്രീ. എം. എം. മണി:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉണ്ട്. പോലീസ് സേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വേണ്ടി 12-7-2021-ൽ സംസ്ഥാന പോലീസ് മേധാവി എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 21/2021 ആയി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിച്ച് സേവനം കൂടുതൽ മികവുറ്റതാക്കാൻ കഴിഞ്ഞ സർക്കാർ നടപടിയെടുത്തിരുന്നോ; പോലീസ് സേനയിൽ വനിതകളുടെ എണ്ണം വർദ്ധിപ്പിക്കാൻ പരിപാടിയുണ്ടോ എന്ന് വ്യക്തമാക്കുമോ?

പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് (2016-2021) ആകെ 4193 സ്ഥിരം തസ്തികകളും 853 താൽക്കാലിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ SISF-ൽ 1000 സ്ഥിരം തസ്തികകൾക്കുകൂടി അനുമതി നൽകിയിട്ടുണ്ട്. വനിതാ പോലീസ് വിഭാഗത്തിന്റെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായിട്ടുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 4 വനിതാ പോലീസ് സ്റ്റേഷനുകൾ പുതുതായി ആരംഭിക്കുന്നതിനും ഇതിനായി 20 പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും അനുമതി നൽകിയിട്ടുണ്ട്.

(സി) പോലീസ് സ്റ്റേഷനുകൾ ജനസൗഹാർദ്ദപരമാക്കുന്നതിനും ആധുനിക കാലത്തിന് അനുയോജ്യമായ വിധത്തിൽ പോലീസ് സേനയെ പരിവർത്തനം ചെയ്യുന്നതിനും പരിശീലന പരിപാടി നവീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

പോലീസ് സ്റ്റേഷനുകൾ ജനസൗഹാർദ്ദമാക്കുന്നതിന് താഴെപ്പറയുന്ന പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്.

1) ജനമൈത്രി പോലീസ് പരിശീലനം

2) Soft Skill Training

3) Gender Sensitisation

4) Stress Management with Human relations

5) Inter Personal relationship

6) Positive handling of drug abuses

7) Life Style Management

ആധുനികകാലത്തിനനുയോജ്യമായ വിധത്തിൽ സേനയെ പരിവർത്തനം ചെയ്യുന്നതിനായി കേരള പോലീസ് അക്കാദമി, പോലീസ് ട്രെയിനിംഗ് കോളേജ് എന്നിവ മുഖേന താഴെപ്പറയുന്ന പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1) Cyber Forensic training for investigating officers.

2) Forensic training - Advance Technology

3) CCPWC Capacity building (Cyber Crime Prevention against Women and Children)

4) Training on Live Forensic, Mobile Forensic, Disc Forensic

5) Training on Investigation of terrorism cases, blast cases.

6) Cyber Crimes.

7) Investigation POCSO Anti-human Trafficking, NDPS Act Cases etc.

8) CCTNS

9) Training on dealing hazardous and dangerous substances.

10) Social defence issues

11) Women safety training

12) Interrogation techniques

13) Forensic medicines & toxicology

പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റ് രൂപീകരണം

84 (3111) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കൊല്ലം, തൃശ്ശൂർ, കണ്ണൂർ ജില്ലകളെ വിഭജിച്ച് പുതിയ മൂന്ന് പോലീസ് ജില്ലകൾ രൂപീകരിച്ചിരുന്നുവെങ്കിലും നാളിതുവരെയും പ്രസ്തുത ജില്ലകളിൽ പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റുകൾ രൂപീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പോലീസിലെ വാർത്താവിനിമയ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് പ്രസ്തുത ജില്ലകളിൽ പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റുകൾ രൂപീകരിക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(സി) പോലീസിലെ ഏക സാങ്കേതിക വിഭാഗമായ ടെലികമ്മ്യൂണിക്കേഷനിലെ